manoramaonline.com

# മഹാത്മജിയുടെ രക്തസാക്ഷിത്വദിന സ്മരണകൾ പുതുക്കി ഡാലസ് പൗരാവലി

Saturday 02 February 2019 03:17 PM IST



ഡാലസ് • 71-ാം രക്ത സാക്ഷിത്വദിനത്തിൽ മഹാത്മജിയുടെ പാവന സ്മരണക്കു മുമ്പിൽ പുഷ്പാജ്ഞലി അർപ്പിക്കുന്നതിന് ഡാലസ് ഇന്ത്യൻ പൗരാവലി ഇർവിങ്ങ് മഹാത്മാഗാന്ധി മെമ്മോറിയൽ പ്ലാസായിൽ ജനുവരി 30നു രാവിലെ ഒത്തു ചേർന്നു.

1948 ജനുവരി 30 ന് 78-ാം വയസ്സിൽ ബിർളാ ഭവനിൽ രാവിലെ നടന്ന പ്രാർത്ഥനാ യജ്ഞത്തിൽ പങ്കെടുക്കുന്നതിനിടയിൽ നാഥുറാം ഗോഡ് സെയുടെ തോക്കിൽ നിന്നും ചീറിപാഞ്ഞു വന്ന വെടിയുണ്ടകളേറ്റ് പിടഞ്ഞു വീണു മരിച്ച ഇന്ത്യയുടെ രാഷ്ട്രപിതാവ് മഹാത്മജി ലോക ജനതയുടെ മനസ്സിൽ ഇന്നും ജീവിക്കുന്നുണ്ടെന്ന് മഹാത്മാ ഗാന്ധി മെമ്മോറിയൽ ചെയർമാൻ ഡോ. പ്രസാദ് തോട്ടക്കൂറ അനുസ്മരണ യോഗത്തിൽ പറഞ്ഞു.



സിവിൽ നിയമ ലംഘനവും അഹിംസാ സിദ്ധാന്തവും ഉയർത്തി പിടിച്ച് 32 വർഷം ബ്രിട്ടീഷ് സാമ്രാജ്യത്തോട് ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി അടരാടിയ മഹാത്മജിയിൽ നിന്നും ആവേശം ഉൾകൊണ്ടാണ് അമേരിക്കയിലെ മാർട്ടിൻ ലൂതർ കിങ്ങ് ഉൾപ്പെടെ നിരവധി ലോക നേതാക്കൾ തങ്ങളുടെ സ്മരണകൾക്ക് നേതൃത്വം നൽകിയതെന്നും ഡോക്ടർ പറഞ്ഞു.

ഡോ. കൽവാല, അഭിജിത് റയ്ക്കർ, ജോൺ , എം. വി. എൽ പ്രസാദ്, ഇന്ത്യൻ അസോസിയേഷൻ ലീഡർ ടി. പി. മാത്യു തുടങ്ങിയവരും അനുസ്മരണ പ്രസംഗങ്ങൾ നടത്തി.